**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2238** **30-09-2025 - ൽ മറുപടിയ്ക്ക്**

**പൊന്നാനിയിലെ അമ്മയും-കുഞ്ഞും ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിരവധി പ്രസവം പ്രതിദിനം നടക്കുന്ന പൊന്നാനി അമ്മയും-കുഞ്ഞും ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യവകുപ്പിന് കീഴിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ 2 വർഷം മുൻപ് വരെ അധിക ജീവനക്കാരെ വെച്ചാണ് ആശുപത്രി പ്രവർത്തിച്ചിരുന്നതെന്നും ഇപ്പോൾ 24 ജീവനക്കാരുടെ കുറവുണ്ടെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി സ്ഥിരം ജീവനക്കാർക്ക് പുറമേ ദേശീയ ആരോഗ്യ ദൗത്യം മുഖേന 32അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br><br>പൊന്നാനി നഗരസഭാ പ്രോജക്ട് വഴി വിവിധ തസ്തികകളിൽ 24 ജീവനക്കാരെ നിയമിച്ചിരുന്നു. പ്രത്യേക അനുമതി പ്രകാരം ടി പ്രൊജക്ട് 2024 മാർച്ച് വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി ജീവനക്കാരെ നിലനിർത്തുന്ന വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | പൊന്നാനി അമ്മയും-കുഞ്ഞും ആശുപത്രിയിൽ കുഞ്ഞുങ്ങളെ ചികിത്സിക്കുന്നതിന് പീഡിയാട്രീഷ്യൻ ഡോക്ടർ ഇല്ലായെന്ന സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | സ്ഥാപനത്തിൽ അനുവദിക്കപ്പെട്ട 4 പീഡിയാട്രിക് ഡോക്ടർമാരുടെ തസ്തികയാണ് നിലവിലുള്ളത്. ടി ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ആശുപത്രിയിൽ എത്തുന്ന കുട്ടികൾക്ക് വേണ്ട ചികിത്സ നൽകി വരുന്നുണ്ട്. കൂടാതെ പീഡിയാട്രീഷ്യന്റെ സ്റ്റേ ഡ്യൂട്ടിക്ക് വേണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി പൊന്നാനിയിൽ നിന്ന് 2 പീഡിയാട്രീഷ്യൻമാരെ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | മേൽപറഞ്ഞ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ